ഉത്തരം

(എ) ഉണ്ട്.
(ബി) ഇല്ല.
(സി) ചോദ്യം ഉദിക്കുന്നില്ല.

ഡ്രഗ്സ് കൺട്രോളറുടെ ലൈസൻസുള്ള രക്തബാങ്കുകൾ

1527. [2283] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോളറുടെ ലൈസൻസുള്ള എത്ര രക്തബാങ്കുകൾ ഉണ്ട് ;

(ബി) അവ എവിടെ ഏതെല്ലാം ആശുപത്രികളോടും സ്ഥാപനത്തോടും അനുബന്ധിച്ചാണെന്ന് പറയാമോ ;

(സി) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന രക്തബാങ്കുകളുടെ പ്രവർത്തനം നിരോധിച്ച് അവരുടെ പേരിൽകർശന നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലൈസൻസ് ഉള്ള മുപ്പത് (30) രക്തബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അവയുടെ ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

തിരുവനന്തപുരം ജില്ല

1. ദുർഗ്ഗ ക്ലിനിക്കൽ സെൻറർ ആൻറ് ബ്ലഡ് ബാങ്ക്, തിരുവനന്തപുരം.
2. ബ്ലഡ് ബാങ്ക് ആൻറ് ട്രാൻസ്ഫ്യൂഷൻ സർവ്വീസ്, കുമാരപുരം.
3. സുപ്പീരിയർ ബ്ലഡ് ബാങ്ക്, പുത്തൻചന്ത, തിരുവനന്തപുരം.
4. ശ്രീ. ചിത്തിര ഇൻസ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, തിരുവനന്തപുരം.

കൊല്ലം ജില്ല

1. ഗവൺമെൻറ് ആശുപത്രി, അടൂർ.

ആലപ്പുഴ ജില്ല

1. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ.

കോട്ടയം ജില്ല

1. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം.

എറണാകുളം ജില്ല

1. ലിസി ഹോസ്പിറ്റൽ, എറണാകുളം.
2. ലിറ്റിൽഫ്ളവർ ആശുപത്രി, അങ്കമാലി.
3. സെൻറ് ജോസഫ് ഹോസ്പിറ്റൽ, കോതമംഗലം.
4. മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം.
5. ഗവൺമെൻറ് ഹോസ്പിറ്റൽ, പള്ളുരുത്തി.
6. ഗവൺമെൻറ് ഹോസ്പിറ്റൽ, വടക്കൻ പറവൂർ.
7. ഗവൺമെൻറ് ഹോസ്പിറ്റൽ, ആലുവ.
8. ഗവൺമെൻറ് ഹോസ്പിറ്റൽ, ഫോർട്ട് കൊച്ചി.
9. ഐ. എം. എ. വോളൻറിസേണർ ബ്ലഡ് ബാങ്ക്, കൊച്ചിൻ-16.
10. ലൂർദ്ദ് ആശുപത്രി, പച്ചാളം, കൊച്ചിൻ-12.
11. ജനറൽ ആശുപത്രി, എറണാകുളം.

LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ല

1. ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ.
2. പോളിക്ലിനിക് ഠൗൺ സൗത്ത്, തൃശ്ശൂർ.
3. റാം ഡയഗ്നോസ്റ്റിക് സർവ്വീസ്, തൃശ്ശൂർ.
4. സെൻറ് ജോസഫ്സ് ആശുപത്രി, പൂങ്കൽ, തൃശ്ശൂർ.

പാലക്കാട് ജില്ല

1. പി. ഡി. സി. ബ്ളഡ് ബാങ്ക് സർവ്വീസ്, റെയിൽവേ റോഡ്, പാലക്കാട്.
2. ജില്ലാ ആശുപത്രി, പാലക്കാട്.

കോഴിക്കോട് ജില്ല

1. മെഡിക്കൽ മിഷൻ ഡയഗ്നോസ്റ്റിക് സെൻറർ ആൻറ് ബ്ളഡ് ബാങ്ക്, നടക്കാവ്, കോഴിക്കോട്.
2. മെഡിക്കൽ കോളേജ്, കോഴിക്കോട്.
3. അശോകാ എക്സ്റേ ആൻറ് ലബോറട്ടറി ബ്ളഡ് ബാങ്ക്, ബാങ്ക് റോഡ്, കോഴിക്കോട്.

മലപ്പുറം ജില്ല

1. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂർ.

കണ്ണൂർ ജില്ല

1. ശാന്തിപോളിക്ലിനിക്, ഫോർട്ട് റോഡ്, കണ്ണൂർ.
2. ഷെമി ക്ലീനിക്കൽ ലബോറട്ടറി, നാരങ്ങപുറം, തലശ്ശേരി.

(സി) ലൈസൻസില്ലാതെ രക്തബാങ്കുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവയുടെ പ്രവർത്തനം നിരോധിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

പുതിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

1528. [2284] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ട് ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 14 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ.

(ബി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	പുതിയ പി.എച്ച്.സി.
തിരുവനന്തപുരം	ഇല്ല
കൊല്ലം	ഇല്ല
ആലപ്പുഴ	1
പത്തനംതിട്ട	ഇല്ല
കോട്ടയം	ഇല്ല
ഇടുക്കി	2
എറണാകുളം	ഇല്ല
തൃശ്ശൂർ	3

LIBRARY ARCHIVES Kerala Legislative Assembly